# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *165

3/10/2011 ൽ മറുപടിക്ക്

### പെട്രോൾ-ഡീസൽ വിലവർദ്ധന

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.കെ. ബാലൻ
,, കെ.. വി. അബ്ദുൾ ഖാദർ
,, ആർ. സെൽവരാജ്

**ഉത്തരം**

ശ്രീ. ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധന നിത്യോപയോഗ സാധനങ്ങളുടെ വിലയെ എങ്ങനെയെല്ലാമാണ് ബാധിക്കുക എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(എ) പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനയ്ക്ക് ഒരു പരിധി വരെ ഇടയാക്കുന്നതാണ്.

(ബി) കേന്ദ്രസർക്കാർ വിലനിയന്ത്രണം എടുത്തു കളഞ്ഞതിനുശേഷം പെട്രോൾ, ഡീസൽ വിലയിൽ എത്ര തവണ എത്ര രൂപ വീതം വർദ്ധിക്കുകയുണ്ടായെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്രസർക്കാർ പെട്രോളിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞതിനു ശേഷം പെട്രോളിന്റെ വില 11 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറക്കുകയും ചെയ്തിട്ടുണ്ട്. വില വർദ്ധനവിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | വർദ്ധനവ് (രൂപ/ലിറ്റർ) |
|---|---|---|
| 1. | 26.06.2010 | 3.77 |
| 2. | 08.09.2010 | 0.90 |
| 3. | 16.09.2010 | 0.29 |
| 4. | 21.09.2010 | 0.29 |
| 5. | 17.10.2010 | 0.77 |
| 6. | 09.11.2010 | 0.35 |
| 7. | 16.12.2010 | 3.19 |
| 8 | 16.01.2011 | 2.7 |
| 9. | 15.05.2011 | 5.38 |
| 10. | 01.07.2011 | 0.29 |
| 11. | 16.09.2011 | 3.32 |

ഡീസലിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞിട്ടില്ല.

(സി) ദുസ്സഹമായ വിലക്കയറ്റത്തിനിടയിൽ **വീണ്ടും** പെട്രോളിന്റെ വിലവർദ്ധിപ്പിച്ച സാഹചര്യത്തിൽ നിത്യോപയോഗ സാധന ങ്ങളുടെ വിലവർദ്ധനവിൽ നിന്നും ഉപഭോ ക്തക്കൾക്ക് ആശ്വാസം നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന തെന്നു വെളിപ്പെടുത്താമോ ?

(സി) 2011 മേയ് 15ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചതിനെ തുടർന്ന്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ തുകയിന്മേൽ ലഭിക്കുമായിരുന്ന അധിക വില്പന നികുതി വേണ്ടെന്നു വെയ്ക്കുകയുണ്ടായി. അധിക റവന്യൂ വരുമാനമായി പ്രതിമാസം ലഭിക്കുമായിരുന്ന 11 കോടി രൂപയാണ് ഇപ്രകാരം വേണ്ടെന്നു വച്ചത്. അതിലേക്കായി പെട്രോളിന്റെ നികുതി നിരക്ക് 29.01% നിന്നും 26.64% ആയി കുറവ് ചെയ്തു. ഇതുപ്രകാരം പെട്രോളിന് ലിറ്ററിന് 1.22 രൂപയുടെ കുറവുണ്ടായി. 2011 ജൂൺ 25 മുതൽ കേന്ദ്രസർക്കാർ ഡീസലിന്റെ വില ലിറ്ററിന് 3 രൂപ വർദ്ധിപ്പിക്കുകയുണ്ടായി. കേന്ദ്രസർക്കാർ നടത്തിയ വിലവർദ്ധനവിനെ തുടർന്ന് ഒരു മാസം 13.07 കോടി രൂപയുടെ നികുതി വരുമാനം ലഭിക്കേണ്ടതായിരുന്നു. എന്നാൽ, സംസ്ഥാന സർക്കാർ ഇത് വേണ്ടെന്നു വെയ്ക്കുകയും, ഡീസലിന്റെ നികുതി നിരക്ക് 24.69% നിന്നും 22.60% ആയി കുറയ്ക്കുകയും ചെയ്തു. ഇതുപ്രകാരം ഡീസലിന് ലിറ്ററിന് 75 പൈസയുടെ കുറവുണ്ടായി.

2011 സെപ്തംബർ 16ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ വില വീണ്ടും വർദ്ധിപ്പിച്ചു. ഇത്തവണ ലിറ്ററിന് 3.14 രൂപയാണ് വർദ്ധിപ്പിച്ചത്. ഈ വർദ്ധനവുമൂലം സർക്കാരിന് പ്രതിമാസം 9.08 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുമായിരുന്നു. സംസ്ഥാനത്തിനു ലഭിക്കുമായിരുന്ന ടി അധിക നികുതി വരുമാനം സർക്കാർ വേണ്ടെന്നു വെയ്ക്കുകയും, പെട്രോളിന്റെ നികുതി നിരക്ക് 26.64 ശതമാനത്തിൽ നിന്നും 25.42 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ടി നിരക്ക് 18.9.2011 മുതൽ പ്രാബല്യത്തിൽ വന്നു.

സെക്ഷൻ ഓഫീസർ